# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2635 12.03.2018-ൽ മറുപടിക്ക്

### ഹയർ സെക്കന്ററി സ്കൂളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ പ്രിൻസിപ്പൽമാർ എത്ര മണിക്കൂർ അധ്യാപനം നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കമോ; | (എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നവർ 16 പിരീഡും പ്രൊമോഷൻ മുഖേന പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം ലഭിക്കുന്ന അധ്യാപകർ 21 പിരീഡും പഠിപ്പിക്കേണ്ടതുണ്ട്. |
| (ബി) ഓഫീസിന്റെ പ്രവർത്തനം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന പ്രിൻസിപ്പൽമാരെ അധ്യാപന ചുമതലയിൽ നിന്ന് ഒഴിവാക്കുമോ; | (ബി) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. സർക്കാർ/എയ്ഡഡ് മേഖലകളിലായി 1450 സ്കൂളുകളിൽ പ്രിൻസിപ്പാൾ തസ്തിക നിലവിലുണ്ട്. ടി തസ്തികകൾ അധ്യാപന തസ്തികകൾ അല്ലാതാക്കുമ്പോൾ അത്രയും എച്ച്.എസ്.എസ്.ടി തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പാൾമാരെ അധ്യാപന ചുമതലയിൽ നിന്ന് ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7358/2013, 7881/2013 നമ്പർ കേസുകളിലെ 05.09.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കന്ററി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് |

(മറുപുറം...)

17.08.2015 തീയതിയിലെ (ജി.ഒ(എം.എസ്) നം.220/2015/പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ.**